REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 21-04-2025 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- **ഇന്ത്യയുടെ പുതുതലമുറ, മാറ്റങ്ങൾക്കൊപ്പം അതിവേഗം വളരുമ്പോൾ ഉദ്യോഗസ്ഥ സംവിധാനവും, നയരൂപീകരണങ്ങളും സാമ്പ്രദായിക വഴികൾ ഉപേക്ഷിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **നാല് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിന് അമേരിക്കൻ വൈസ് പ്രസിഡണ്ട് J.D വാൻസ് ന്യൂഡൽഹിയിലെത്തി.**
- **LDF ഭരണം കേരളത്തെ കാലോചിതമായി മാറ്റിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇടതു ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷങ്ങൾ കാസർകോട്ട് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.**
- **BJP യുടെ വികസിത കേരളം കൺവെൻഷനുകൾക്കും ജില്ലാ നേതൃയോഗങ്ങൾക്കും തൃശൂരിൽ തുടക്കമായി.**
- **സൂപ്പർകപ്പ് ഫുട്ബോളിൽ ഇന്ന് ഗോകുലം കേരള, FC ഗോവയെ നേരിടും.**

## വാർത്തകൾ വിശദമായി

ഇന്ത്യയുടെ പുതുതലമുറ, മാറ്റങ്ങൾക്കൊപ്പം അതിവേഗം വളരുമ്പോൾ ഉദ്യോഗസ്ഥ സംവിധാനവും, തൊഴിൽ സംസ്കാരവും, നയരൂപീകരണങ്ങളും സാമ്പ്രദായിക വഴികളിൽ നിന്ന് മോചിതമാകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആവശ്യപ്പെട്ടു. ഈയൊരു കാഴ്ചപ്പാടോടെയാണ് 2014 ൽ ഭരണസംവിധാനത്തിൽ വലിയ പരിഷ്ക്കരണത്തിന് തുടക്കമിട്ടതെന്ന് മോദി പറഞ്ഞു. ഇതിന്റെ ചുവടുപിടിച്ച് ഇന്ത്യയുടെ അഭിലാഷപൂർണമായ സമൂഹവും, യുവജനങ്ങളും, കർഷകരും, വനിതകളും പുതിയ ഉയരങ്ങളിലേക്ക് എത്തിയിരിക്കുകയാണെന്നും അദ്ദേഹം

വിലയിരുത്തി. 17-ാമത് സിവിൽ സർവീസ് ദിനത്തിൽ ന്യൂഡൽഹി വിജ്ഞാൻഭവനിൽ സംഘടിപ്പിച്ച ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പൊതുഭരണത്തിലെ മികവിന് ഏർപ്പെടുത്തിയ പ്രധാനമന്ത്രിയുടെ പുരസ്കാരങ്ങളും അദ്ദേഹം വിതരണം ചെയ്തു. ജില്ലകളുടെ സർവ്വോന്മുഖ വികസനം, അഭിലാഷജില്ലാ പരിപാടിയിലെ കാര്യക്ഷമത എന്നിവ മുൻനിർത്തി 14 അവാർഡുകളാണ് ഇത്തവണ സമ്മാനിച്ചത്.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു സിവിൽ സർവീസ് ദിനത്തിൽ എല്ലാ സിവിൽ സർവീസ് ജീവനക്കാർക്കും ആശംസ നേർന്നു. പൊതുസേവനത്തിലും നയരൂപീകരണത്തിലും അത് നടപ്പാക്കുന്നതിലും സിവിൽസർവീസിന്റെ പങ്ക് രാജ്യത്തിന്റെ വികസനത്തിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് രാഷ്ട്രപതി സമൂഹ മാധ്യമത്തിൽ കുറിച്ചു.

✪✪✪

രണ്ട് ദിവസത്തെ സന്ദർശത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ സൗദി അറേബ്യയിലെ ജിദ്ദയിലെത്തും. പ്രധാനമന്ത്രിയുടെ മൂന്നാം സൗദി സന്ദർശനമാണിത്.

നാല് പതിറ്റാണ്ടിനു ശേഷം സൗദി അറേബ്യയുടെ വാണിജ്യ കേന്ദ്രമായ ജിദ്ദയിലേക്ക് ഒരു ഇന്ത്യൻ പ്രധാനമന്ത്രി നടത്തുന്ന ആദ്യ സന്ദർശനമാണിത്. മോദിയുടെ സന്ദർശനം ഇന്ത്യ -സൗദി അറേബ്യ ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

✪✪✪

നാല് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി അമേരിക്കൻ വൈസ് പ്രസിഡണ്ട് J.D വാൻസ് ന്യൂഡൽഹിയിലെത്തി. വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് അദ്ദേഹത്തെ സ്വീകരിച്ചു. പത്നി ഉഷാ വാൻസും US ഗവൺമെന്റിലെ മുതിർന്ന ഉദ്യോഗസ്ഥരും വാൻസിനോടൊപ്പമുണ്ട്. വാൻസിന്റെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. വൈകിട്ട് പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. രണ്ടു രാജ്യങ്ങൾക്കുമിടയിലെ ബന്ധങ്ങൾ കൂടുതൽ ദൃഢമാക്കാനാവശ്യമായ നടപടികൾ ഇരുനേതാക്കളും ചർച്ച ചെയ്യും.

✪✪✪

ISRO യുടെ സ്പേസ് ഡോക്കിംഗ് പരീക്ഷണമായ - സ്പേഡെക്സ് മിഷനിലെ ഉപഗ്രഹങ്ങളുടെ രണ്ടാമത്തെ ഡോക്കിംഗ് ഇന്ന് വിജയകരമായി പൂർത്തിയാക്കി. അടുത്ത രണ്ടാഴ്ചയ്ക്കകം കൂടുതൽ പരീക്ഷണങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്ര സിംഗ് സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

ലോക ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടി - വേവ്സിൽ പങ്കെടുക്കുന്ന മാധ്യമ പ്രതിനിധികളുടെ രജിസ്ട്രേഷൻ ഇന്ന് പുനഃരാരംഭിക്കും. മറ്റന്നാൾ വരെ മൂന്ന് ദിവസത്തേക്കാണ് രജിസ്ട്രേഷന് അവസരം.

✪✪✪

LDF ഭരണം കേരളത്തെ കാലോചിതമായി മാറ്റിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കാസർകോട്ട് രണ്ടാം പിണറായി ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ദുരന്തങ്ങളെ അതിജീവിച്ചാണ് ഇടതു ഗവൺമെന്റ് മുന്നോട്ടുപോയതെന്നും, കേരളത്തിന്റെ അതിജീവനത്തെ ലോകം അതിശയത്തോടെയാണ് നോക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

.....(CM VOICE )......

✪✪✪

രണ്ടാം പിണറായി ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി വൈകിട്ട് കാഞ്ഞങ്ങാട്ട് LDF കാസർകോട് ജില്ലാ കമ്മിറ്റി ബഹുജനറാലി സംഘടിപ്പിക്കും. റാലി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനംചെയ്യും.

✪✪✪

BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പങ്കെടുക്കുന്ന വികസിത കേരളം കൺവെൻഷനുകൾക്കും ജില്ലാ നേതൃയോഗങ്ങൾക്കും തൃശൂരിൽ തുടക്കമായി. രാവിലെ ലുലു ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിലാണ് വികസിത കേരളം കൺവെൻഷൻ നടന്നത്. ഉച്ചകഴിഞ്ഞ് തൃശ്ശൂർ സൗത്ത് ജില്ലയുടെ ഭാഗമായി കൊടുങ്ങല്ലൂർ S.N പുരത്തും കൺവെൻഷൻ നടക്കും.

അടുത്ത മാസം 10 വരെ 30 സംഘടനാ ജില്ലകളിലും രാജീവ് ചന്ദ്രശേഖർ പ്രവർത്തകരെ അഭിസംബോധന ചെയ്യും. ജില്ലകളിലെ വികസിത കേരളം കൺവൻഷനിൽ BJP യുടെ ''മിഷൻ 2025'' അദ്ദേഹം അവതരിപ്പിക്കും.

✪✪✪

തിരുവനന്തപുരത്ത് മുതലപ്പൊഴി മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് സംഘർഷമുണ്ടാക്കാൻ പ്രതിപക്ഷ ഗൂഢാലോചനയുണ്ടെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. മത്സ്യ തൊഴിലാളികളെ തെറ്റിദ്ധരിപ്പിക്കാൻ ഉദ്ദേശിച്ച് ആസൂത്രിത നീക്കങ്ങളാണ് നടക്കുന്നതെന്ന് മന്ത്രി വാർത്താക്കുറിപ്പിൽ അറിയിച്ചു.

നിലവിൽ ലഭ്യമായ ഡ്രഡ്ജറും JCB കളും ഉപയോഗിച്ച് മണൽ നീക്കം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കണ്ണൂരിൽ നിന്ന് വലിയ ഡ്രഡ്ജർ വ്യാഴാഴ്ച സമുദ്രമാർഗം എത്തിച്ചേരുമെന്നും ശിവൻകുട്ടി അറിയിച്ചു.

✪✪✪

മുതലപ്പൊഴി അഴിമുഖത്തെ മണൽ നീക്കുന്നതിനായി കണ്ണൂർ അഴീക്കലിൽ നിന്ന് ഡ്രഡ്ജർ പുറപ്പെട്ടു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

....(വോയ്സ്)......

✪✪✪

സൂപ്പർകപ്പ് ഫുട്ബോളിൽ വൈകിട്ട് ഗോകുലം കേരള, FC ഗോവയെ നേരിടും. I ലീഗിൽ പങ്കെടുത്ത ടീം തന്നെയായിരിക്കും സൂപ്പർകപ്പിലും പങ്കെടുക്കുന്നത്.

ഇന്നലെ ഭുവനേശ്വറിൽ കേരളാ ബ്ലാസ്റ്റേഴ്സ് നിലവിൽ ചാമ്പ്യൻമാരായ ഈസ്റ്റ് ബംഗാളിനെ അട്ടിമറിച്ചു. തോൽവിയോടെ ഈസ്റ്റ് ബംഗാൾ ടൂർണമെന്റിൽ നിന്ന് പുറത്തായി.

ക്വാർട്ടർ ഫൈനലിൽ ഈ മാസം 26 ന് ISL ജേതാക്കളായ മോഹൻ ബഗാനാണ് ബ്ലാസ്റ്റേഴ്സിന്റെ എതിരാളികൾ.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലെ ഈഡൻ ഗാർഡനിലാണ് മത്സരം.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ ലഹരി മുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി പൊതു വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന, ഫുട്ബോൾ പരിശീലന ക്യാമ്പുകളുടെ ഔദ്യോഗിക ഉദ്ഘാടനം, ഇന്ന് നടക്കും. തൈക്കാട് ഗവൺമെന്റ് മോഡൽ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ മന്ത്രി V. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം ജില്ലയിലെ 10 വിദ്യാലയങ്ങളിലാണ് ക്യാമ്പ്.

✪✪✪

സ്വർണവിലയിൽ വീണ്ടും കുതിപ്പ്. പവന് 760 രൂപ കൂടി 72,120 രൂപയായി. ഗ്രാമിന് 9,015 രൂപയാണ് ഇന്നത്തെ വില.

✪✪✪

ഫറോക്ക് പഴയ ഇരുമ്പുപാലത്തിന് സമീപം ചാലിയാർ തീരം സൗന്ദര്യവൽക്കരണവും, ഫ്ലോട്ടിംഗ്ജെട്ടി ഉദ്ഘാടനവും മന്ത്രി PA മുഹമ്മദ് റിയാസ് ഇന്ന് നിർവഹിക്കും. 1 കോടിയിലേറെ രൂപ ചെലവഴിച്ചാണ് പദ്ധതി യാഥാർത്ഥ്യമാക്കിയത്.

✪✪✪

വയനാട് പരൂർകുന്ന് പുനരധിവാസ മേഖലയിലെ ഭൂരഹിതരായ 123 പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി നിർമ്മിച്ച വീടുകളുടെ താക്കോൽ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ കൈമാറും. ഗവൺമെന്റിന്റെ നാലാം വാർഷികത്തോടനുബന്ധിച്ചാണ് ചടങ്ങ്.

✪✪✪

പരിഷ്ക്കരിച്ച പാഠപുസ്തകങ്ങളുടെ പ്രകാശനവും സംസ്ഥാനതല വിതരണ ഉദ്ഘാടനവും മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും. കോട്ടൺഹിൽ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിലാണ് ചടങ്ങ്.

✪✪✪

സംസ്ഥാനത്ത് സഹകരണ എക്സ്പോയുടെ മൂന്നാം പതിപ്പിനു ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. കനകക്കുന്നിൽ 10 ദിവസത്തെ പ്രദർശന വിപണനമേള മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ ഔപചാരികമായി ഉദ്ഘാടനം ചെയ്യും.

✪✪✪

കോഴിക്കോട് ജില്ലാ പഞ്ചായത്ത് അങ്കണത്തിൽ നിർമ്മിച്ച ഭരണഘടനാ ചത്വരം നാളെ രാവിലെ മന്ത്രി K രാജൻ നാടിന് സമർപ്പിക്കും. കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കഴിഞ്ഞ വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചത്വരം നിർമ്മിച്ചത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജാ ശശി ചടങ്ങിൽ അധ്യക്ഷയാകും.

✪✪✪

പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിലുൾപ്പെടുത്തി കണ്ണൂർ ഉളിക്കൽ ഗവ. ഹയർസെക്കൻഡറി സ്കൂളിൽ നിർമിച്ച ആറ് അഡീഷണൽ ക്ലാസ് മുറികൾ വൈകിട്ട് മന്ത്രി V. അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്യും. സജീവ് ജോസഫ് MLA അധ്യക്ഷനാകും.

✪✪✪

മയക്കുമരുന്ന് കേസിൽ അറസ്റ്റിലായ നടൻ ഷൈൻ ടോം ചാക്കോക്കെതിരായ നടപടി ചർച്ച ചെയ്യാൻ ഫിലിം ചേംബർ കമ്മിറ്റി ഇന്ന് കൊച്ചിയിൽ യോഗം ചേരും. സിനിമയിൽ നിന്ന് മാറ്റി നിർത്തുന്നതുൾപ്പെടെ നടപടികൾ യോഗം ചർച്ച ചെയ്തേക്കും.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിൽ 'വികസന വരകൾ' എന്ന പേരിൽ ചിത്രരചനാ മത്സരം സംഘടിപ്പിക്കും. 23 മുതൽ 27 വരെയാണ് ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും മത്സരം.

✪✪✪

ആശാവർക്കർമാരുടെ രാപ്പകൽസമരം 71-ാം ദിവസത്തിലേക്ക് കടന്നു. നിരാഹാര സമരം ഇന്ന് 33-ാം ദിവസത്തിലേക്കും പ്രവേശിച്ചു.ഇന്ന് നാലാം ഘട്ട സമരം പ്രഖ്യാപിക്കും.

✪✪✪

സംസ്ഥാനത്ത് വ്യാഴാഴ്ച വരെ ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. ചിലയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുള്ളതായി മുന്നറിയിപ്പുണ്ട്.

✪✪✪

---

*News Editor: പി. ചന്ദ്രബാബു*
*News Reader: രജ്ന കെ ആസാദ്*
*News Team: അനിൽ ചന്ദ്രൻ*
*DEO: ഷീബ*